LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം

185 (4767) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജനസേവന കേന്ദ്രത്തിന്റെ വൈദ്യുതി ബിൽ അടയ്ക്കാത്ത കാരണത്താൽ കേന്ദ്രത്തിന്റെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവനക്കാരുടെ വേതനം, ദൈനംദിന ഓഫീസ് പ്രവർത്തനത്തിനുള്ള ഫണ്ട്, ഫോൺ ബിൽ എന്നിവയ്ക്കായി എത്ര തുകയാണ് നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത് ;

(സി) ഇത് വിതരണം ചെയ്യുന്നതിനുള്ള കാലതാമസംമൂലം ഓഫീസ് അടച്ചുപൂട്ടേണ്ട സാഹചര്യമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പൊതുജനങ്ങൾക്ക് വളരെയധികം സഹായകരമായ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം തടസ്സപ്പെടാത്തവിധം ആവശ്യമായ ഫണ്ട് എത്രയും വേഗം വിതരണം ചെയ്യുമോ ?

ഉത്തരം

(എ) മലപ്പുറം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിന്റെ കുടിശ്ശിക വൈദ്യുതി ബിൽ അടച്ച് പ്രതിസന്ധി പരിഹരിച്ചിട്ടുണ്ട്.

(ബി&സി) ജീവനക്കാരുടെ വേതനം, ദൈനംദിന ഓഫീസ് പ്രവർത്തനത്തിനുള്ള ഫണ്ട്, ഫോൺ ബിൽ തുടങ്ങിയവയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ മലപ്പുറം ജനസേവന കേന്ദ്രത്തിന് നാളിതുവരെ 2,34,210 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) 2015-16-ലെ ബഡ്ജറ്റിൽ ഫ്രണ്ട്സ് പദ്ധതിക്കായി വകയിരുത്തിയിരുന്ന ഒരു ലക്ഷം രൂപയ്ക്ക് പുറമേ ഈ പദ്ധതിക്കായി ഒരു കോടി രൂപ കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

മലപ്പുറം ജില്ലയിൽ അക്ഷയ കേന്ദ്രങ്ങൾ

186 (4768) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് കഴിഞ്ഞ വർഷം അപേക്ഷ ക്ഷണിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;